

30/3/10



ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ,

PWD Rest house.

Press club road, Ernakulam

PIN 686601

POST CARD
Philately: King Of
COLLECT INDIA POSTAGE STAMPS
CONTACT Nearest Philatelic Bureau
50
MAHATMA GANDHI
Do not write or print below this line

Shri.Sukumar AzhiKode Letter Translation

എരവിമംഗലം,
തൃശൂർ, 30.3.2010

പ്രിയ സുഹൃത്തേ,

തിരക്കുകളുടെ നടുവിൽ 'അഭയ കേസ് ഡയറി' ഒന്നു മറിച്ചു നോക്കാമെന്ന് കരുതി തുറന്ന എനിക്ക് പുസ്തകം ആകെ വായിക്കാതെ അത് അടച്ചു വെക്കാനായില്ല.

വളച്ചൊടിക്കാത്ത നേരിന്റെ പേനയാണ് ഈ കൃതി, വിശദമായി എഴുതിയിട്ടുള്ളത്. സത്യത്തോടുള്ള പ്രതിബദ്ധത കാരണം ഈ കേസിനോട് ബന്ധപ്പെട്ട് വാദിച്ച എല്ലാ അഭിഭാഷകരേക്കാളും, കേസ് അന്വേഷിച്ച എല്ലാ പോലീസ് ഉദ്യോഗസ്ഥരേക്കാളും, വിവിധ ഘട്ടങ്ങളിൽ കേസിന്റെ പലഭാഗങ്ങളിൽ വിധി പ്രസ്താവിച്ച താഴ്ന്നതും ഉയർന്നതുമായ കോടതികളിലെ പല ന്യായാധിപന്മാരേക്കാളും താങ്കളുടെ ശബ്ദം കേരളം ശ്രദ്ധയോടെ കേട്ടുവരുന്നു. ഇത്ര നീണ്ട കാലത്തിനു ശേഷം ഔദ്യോഗിക രൂപത്തിലുള്ള സമസ്ത പ്രതിബന്ധങ്ങളെയും അതിലംഘിച്ചുകൊണ്ട് ഈ കേസ് പുനരവതരിപ്പിച്ച താങ്കൾ, സത്യത്തിൽ അപമൃത്യുവിന് ഇരയായ സിസ്റ്റർ അഭയക്ക് തന്നെ പുനർജീവിതം കൊടുത്തിരിക്കുകയാണ്. നിയമപാലന ചരിത്രത്തിൽ ഈ കേസ് ഇതുവരെയില്ലാത്ത ഒരു സംഭവമായി രേഖപ്പെട്ടു കിടക്കാതിരിക്കില്ല. നീതിക്കുവേണ്ടി വ്യക്തിജീവിതത്തിൽ നേരിടാവുന്ന എല്ലാ എതിർപ്പുകളെയും സർവ്വ ദുഃഖങ്ങളെയും പ്രലോഭനങ്ങളെയും നേരിട്ട്, വിജയത്തിന്റെ അടുത്തേക്ക് നീങ്ങിപ്പോകുന്ന താങ്കളുടെ ചിത്രം ധർമ്മവിജയത്തിന്റെ പ്രതിരൂപമായി വാഴ്ത്തപ്പെടാതിരിക്കില്ല.

അന്തിമവിജയം വൈകാതെ നേടാൻ അവസരം ഉണ്ടാകട്ടെ എന്ന ആശംസയോടെ,

സ്നേഹം

സുകുമാർ അഴീക്കോട്



മൂന്നാം പതിപ്പ്
നാർകോ ടേപ്പുകൾ ജഡ്ജി കാണുന്ന ചിത്ര
സിബിഐ കൈമാറി
അഭയ
കേസ് ഡയറി
ജോമോൻ പുത്തൻപുരയ്ക്കൽ
അഭയകേസ്: നാല് പ്രതികൾക്കെ
കുറ്റപത്രം സമർപ്പിച്ചു
ssn pa es
ainst
Jose

അഭയ
കേസ് ഡയറി
ജോമോൻ പുത്തൻപുരയ്ക്കൽ
നാർ
കർണാടക
Calicut Ba
resolution
Justice Cy

നീതിക്കുവേണ്ടിയുള്ള നിരന്തരപോരാട്ടങ്ങളുടെ ചരിത്രം പലതുണ്ട്. അക്കൂട്ടത്തിൽ ഏറെ വ്യത്യസ്തമാണ് സിസ്റ്റർ അഭയകേസിൽ സത്യം പുറത്തുവരാനുള്ള ഒറ്റയാൾ പോരാട്ടം. വ്യക്തിപരമായ താൽപര്യങ്ങളില്ലാതെ ഒരു കന്യാസ്ത്രീക്ക് മരണാനന്തരനീതി ലഭിക്കാൻവേണ്ടി ജീവിതത്തിന്റെ രണ്ടു പതിറ്റാണ്ടുകൾ ഹോമിച്ച ജോമോൻ പുത്തൻപുരയ്ക്കലിന്റെ സാക്ഷ്യപത്രം. ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രതിഷേധത്തിന്റെ ആളിക്കത്തുന്ന അഗ്നിക്കുമീതെ നടന്നുനീങ്ങിയ ഒരു മനുഷ്യാവകാശ പ്രവർത്തകന്റെ ജീവിതാനുഭവങ്ങൾ കോറിയിടുന്ന പുസ്തകം. നീതി നിഷേധിക്കപ്പെട്ടവന്റെ, പീഡിതന്റെ കണ്ണീരുണങ്ങാത്ത ജീവിതത്തിലൂടെ നന്മയുടെ പ്രതീകമായി നടന്നുപോയ ജോമോന്റെ വിശുദ്ധയുദ്ധത്തിന്റെ നാൾവഴികൾ. അഭയ കേസിൽ ഇതുവരെ ഒരു മാധ്യമവും വെളിപ്പെടുത്താത്ത ഞെട്ടിപ്പിക്കുന്ന രഹസ്യങ്ങൾ ഈ പുസ്തകത്തിലൂടെ വെളിപ്പെടുത്തുന്നു.

വില 120 രൂപ